ഓം ശ്രീ സായിരാം

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 14B

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ**

**ജൂൺ, 2001**

അപ്പോൾ ഭഗവാൻ രാമായണത്തിൽനിന്നുള്ള ഒരു ചെറിയ ആഖ്യാനം വിവരിക്കുകയുണ്ടായി:

നാല് തൊട്ടിലുകൾ കൊണ്ടുവരുന്നതിനായി ആജ്ഞ പോയി; ഓരോ ശിശുവിനെയും ഓരോ തൊട്ടിലിലായി കിടത്തി. എന്നാൽ, പകലെന്നോ രാവെന്നോ ഇല്ലാതെ ലക്ഷ്മണൻ നിർത്താതെ കരഞ്ഞുകൊണ്ടേയിരുന്നു. കുഞ്ഞിന്റെ കരച്ചിലടക്കുന്നതിന് മാതാവായ സുമിത്ര എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ല. രാജ്യത്ത് ആർക്കും ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാനായില്ല. കുട്ടി കരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു.



പക്ഷേ, അവസാനം, കുലഗുരുവായ വസിഷ്ഠൻ ആഗതനായിട്ട് അറിയിച്ചു, ‘‘നോക്കൂ, ലക്ഷ്മണൻ രാമന്റെ അരികത്തുനിന്നും മാറുന്നതിന് ആഗ്രഹിക്കുന്നില്ല. ഈ കുഞ്ഞിനെ എടുത്ത് രാമൻ കിടക്കുന്ന തൊട്ടിലിൽത്തന്നെ കിടത്തൂ.’’ അതിനാൽ, അവർ ശിശുവിനെ എടുത്ത് രാമന്റെയൊപ്പം കിടത്തി. കുഞ്ഞ് കരച്ചിൽ നിർത്തി.

തുടക്കം മുതൽക്കേ ഇതിങ്ങനെയായിരുന്നു. ലക്ഷ്മണൻ രാമനെ തന്റെ നിഴലുപോലെ പിന്തുടർന്നു. ഇതേപോലെ, ശത്രുഘ്നൻ ഭരതനെ തന്റെ നിഴലുപോലെ പിന്തുടർന്നു. അവരെല്ലായ്പോഴും ഒരുമിച്ച് കഴിഞ്ഞു. അവർക്കിടയിലുണ്ടായിരുന്ന സാഹോദര്യം, സൗഹൃദം ഇത്തരത്തിലായിരുന്നു.

## രാമായണത്തിലെ മറ്റു രണ്ട് സഹോദരന്മാർ

എന്റെ രീതി ഭഗവാനോട് സദാ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിക്കുക എന്നതാണെന്ന് നിങ്ങൾക്ക് ഇതിനോടകം മനസ്സിലായിട്ടുണ്ടാവുമല്ലോ(*ചിരി*). ഭഗവാനിൽനിന്നുള്ള ഉത്തരങ്ങൾ ആധികാരികമാണല്ലോ. നമുക്കത് ചോദ്യം ചെയ്യേണ്ടതായി വരുന്നില്ല, എന്തുകൊണ്ടെന്നാൽ അവിടുന്ന്, ഇക്കാലത്ത് ഭഗവാൻ ശ്രീ സത്യ സായി ബാബയായി ജന്മമെടുത്ത അതേ രാമനാണ്. മറ്റാരേക്കാളും, ഈ വിഷയത്തിലുള്ള ഏതൊരു ഗ്രന്ഥത്തേക്കാളും, ആധികാരികമായും മെച്ചമായും വിവരിക്കാൻ ഭഗവാന് കഴിയും.



അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, രാമായണത്തിൽ മറ്റു രണ്ട് സഹോദരന്മാരുണ്ടല്ലോ. ഒരാൾ ബാലിയും മറ്റേയാൾ സുഗ്രീവനും. അവർതമ്മിൽ സാഹോദര്യം ഉണ്ടായിരുന്നില്ല. സഹോദരന്മാരായിരുന്നുവെങ്കിലും, അവർ എപ്പോഴും പരസ്പരം പോരടിച്ചിരുന്നു; എന്നാൽ ഇന്ന് അവിടുന്നു പറഞ്ഞതു പ്രകാരം, രാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ ഇവർ സൗഹൃദത്തിലും പരസ്പരധാരണയിലും സാഹോദര്യത്തിലുമാണ് ജീവിച്ചിരുന്നത്. കൗസല്യ, സുമിത്ര, കൈകേയി എന്നിവരുടെയിടയിലും പ്രേമത്തിന്റെ ബന്ധവും ബന്ധുത്വവുമാണ് നിലനിന്നിരുന്നത് എന്നും അവിടുന്ന് അരുളുകയുണ്ടായി. എന്നാൽ, ബാലിയും സുഗ്രീവനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണയോ മൈത്രിയോ ഉണ്ടായിരുന്നതായി എനിക്കറിവില്ല. സഹോദരങ്ങളായിട്ടും, അവർ പരസ്പരം മല്ലിട്ടു. അവിടുന്ന് ഇതെങ്ങനെയാണ് വിശദീകരിക്കുക, സ്വാമീ?"

ഒരു പുഞ്ചിരിയോടെ അവിടുന്ന് അരുളി, "അവർ തമ്മിൽ യുദ്ധമൊന്നും ഉണ്ടായിരുന്നില്ല. (*ചിരി*) അവർ തമ്മിൽ ശത്രുതയും ഉണ്ടായിരുന്നില്ല. തെറ്റിദ്ധാരണ മാത്രമാണ് ഉണ്ടായിരുന്നത്." (*ചിരി*)

“ഓ, അങ്ങനെയോ. (*ചിരി*) അപ്പോൾ, ഈ തെറ്റിദ്ധാരണ എന്തുകൊണ്ടായിരുന്നു സ്വാമീ?”

## സഹോദരന്മാർ തമ്മിലുള്ള തെറ്റിദ്ധാരണ

ജ്യേഷ്ഠസഹോദരനായ ബാലിക്ക് ദുന്ദുഭി എന്നു പേരുള്ള ഒരു ശത്രു ഉണ്ടായിരുന്നു. ഈ ദുന്ദുഭി ഒരു സ്ത്രീവിഷയത്തിന്റെ പേരിൽ ബാലിയുമായി സദാ പോരടിക്കുമായിരുന്നു. ദുന്ദുഭി ബാലിയുടെ അടുത്തുചെന്ന് അവനെ പോരിനു വിളിച്ചു, “വാ, നിനക്ക് ചങ്കൂറ്റമുണ്ടെങ്കിൽ എന്നോട് പോരിന് വരൂ!”

പോരാളിയായ ബാലി ദുന്ദുഭിയെ പിന്തുടർന്ന് ഓടിച്ചുതുടങ്ങി. ദുന്ദുഭി മുമ്പിലും ബാലി അവനെ പിന്തുടർന്നും ഓടി. ആ നേരത്ത്, ബാലി തന്റെ കനിഷ്ഠ സഹോദരനായ സുഗ്രീവനെ അരികിൽവിളിച്ച് പറഞ്ഞു, “സോദരാ, ഞാൻ ഈ ദേശത്തുനിന്ന് പോവുകയാണ്. ഞാൻ എന്റെ ശത്രുവുമായി യുദ്ധത്തിന് പോവുകയാണ്. ഞാൻ തിരിച്ചെത്തുന്നതുവരെ നീ ഈ രാജ്യം നോക്കിക്കൊള്ളണം.”

പക്ഷേ, തന്റെ ജ്യേഷ്ഠസോദരന് തന്റെ സഹായം വേണ്ടിവരുമെന്ന് സുഗ്രീവന് തോന്നി. അതുകൊണ്ട്, രാജ്യത്ത് തങ്ങാതെ അവനും ബാലിക്കൊപ്പം ദുന്ദുഭിയെ പിന്തുടർന്നു. അങ്ങനെ, ദുന്ദുഭി ഏറ്റവും മുമ്പിലും ബാലി അവനെ പിന്തുടർന്നും അതിനു പുറകെ സുഗ്രീവനും ഓടി. അവസാനം അവർ ഒരു ഗുഹാമുഖത്തെത്തി; ബാലിയാൽ താൻ വധിക്കപ്പെടാതിരിക്കാനായി ദുന്ദുഭി ആ ഗുഹയ്ക്കകത്ത് ഓടിക്കയറി ഒളിച്ചിരുന്നു.

തിരിഞ്ഞുനോക്കിയ ബാലി കണ്ടത് തന്നെ പിന്തുടർന്ന് ഓടിവരുന്ന ഇളയ സഹോദരനെയാണ്. അവൻ പറഞ്ഞു, “നീ ദയവുചെയ്ത് എന്നെ പിന്തുടരണ്ടാ. നീ ഇവിടെ ഗുഹാമുഖത്ത്, പ്രവേശനദ്വാരത്തിൽ നിന്നാൽ മതി. നീ എന്നെ പിന്തുടരുകയും നമ്മളിരുവരും കൊല്ലപ്പെടുകയുമാണെങ്കിൽ, രാജ്യം ആര് ഭരിക്കും?”

ഇത്തരം സദുദ്ദേശ്യത്തോടെ, തന്റെ ഇളയ സഹോദരനോട് ഗുഹാമുഖത്ത് നിൽക്കുന്നതിനായി നിർദ്ദേശിച്ചിട്ട്, ബാലി ദുന്ദുഭിയെ പിന്തുടർന്നു. അവർ ദിവസങ്ങളോളം, ആഴ്ചകളോളം ഓട്ടം തുടർന്നു. അവസാനം ബാലി ദുന്ദുഭിയെ പിടികൂടി വധിച്ചു.

ദുന്ദുഭി അതിശക്തനും ഘനവാനുമായിരുന്നതിനാൽ രക്തം പുഴപോലെ ഗുഹയ്ക്കുപുറത്തേക്ക് ഒഴുകാൻ തുടങ്ങി.

ഗുഹാമുഖത്തു നിൽക്കുകയായിരുന്ന സുഗ്രീവൻ ഗുഹയ്ക്കു പുറത്തേക്ക് ഒഴുകിവരുന്ന രക്തം കണ്ടു. ദുന്ദുഭിയുമായുള്ള പോരാട്ടത്തിൽ തന്റെ ജ്യേഷ്ഠൻ മരണപ്പെട്ടതായി അവൻ കരുതി. തിരികെപ്പോയി രാജ്യഭരണം തുടരാം എന്ന് അവൻ തീരുമാനിച്ചു. ജ്യേഷ്ഠസഹോദരന്റെ അഭാവത്തിൽ കനിഷ്ഠസഹോദരൻ വേണമല്ലോ രാജാവായി രാജ്യസേവനം ചെയ്യാൻ. അതിനാൽ, വലിയ ഒരു പാറക്കല്ല് കൊണ്ടുവന്ന് അവൻ ഗുഹാമുഖം അടച്ചു. തിരികെപ്പോയി രാജ്യകാര്യങ്ങളിൽ മുഴുകി.''

ഇതിനിടെ, ബാലി ഗുഹയിൽനിന്നും പുറത്തുകടക്കുന്നതിനായി വന്നു. പ്രവേശനദ്വാരം



കൂറ്റൻ പാറകൊണ്ട് അടയ്ക്കപ്പെട്ടതായി അവൻ കണ്ടു. ഒരു തള്ളു കൊടുത്തപ്പോൾ അതിളകി മാറി. എന്നിട്ടവൻ സ്വന്തം രാജ്യത്തേക്ക് കുതിച്ചു. അവിടെ, സിംഹാസനത്തിന് ഇരുവശത്തും രാജ്ഞിമാരുമായി, സ്വയം ആസ്വദിച്ചിരിക്കുന്ന തന്റെ ഇളയ സഹോദരനായ സുഗ്രീവനെ കണ്ടു.

താൻ കൊല്ലപ്പെട്ടുകാണാനാണ് സുഗ്രീവൻ ആഗ്രഹിച്ചതെന്ന് അപ്പോൾ ബാലി കരുതി. അവൻ സുഗ്രീവനെ പൂർണമായും തെറ്റിദ്ധരിച്ചു. ഉഗ്രരോഷത്താൽ ഉന്മാദിയായി ബാലി അവന്റെ നെഞ്ചത്ത് ഒരു ചവിട്ട് കൊടുത്തു.

സുഗ്രീവൻ നിലത്തുവീണ് കരഞ്ഞു. അവൻ കേണപേക്ഷിക്കാൻ തുടങ്ങി, ''ജ്യേഷ്ഠാ, എന്റെ ഉദ്ദേശ്യം രാജ്യഭരണമായിരുന്നില്ല, ദയവുചെയ്ത് എന്നെ മനസ്സിലാക്കൂ. ഗുഹയ്ക്കുള്ളിൽനിന്ന് രക്തം പുറത്തേക്ക് ഒഴുകിവരുന്നതു കണ്ടപ്പോൾ അങ്ങ് മരണപ്പെട്ടെന്നാണ് ഞാൻ കരുതിയത്. അതുകൊണ്ടാണ് ഞാനിവിടെ തിരിച്ചെത്തി രാജ്യഭാരമേറ്റെടുത്തത്. ദയവായി എന്നെ തെറ്റിദ്ധരിക്കരുത്.''

എന്നാൽ അവന്റെ ജ്യേഷ്ഠൻ അലറി, ''വായടയ്ക്ക്. എനിക്കറിയാം നിന്റെ പദ്ധതി!''

ഇങ്ങനെയാണാ ശത്രുത ആരംഭിച്ചത്; വിദ്വേഷത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു. വാസ്തവത്തിൽ, സഹോദരങ്ങളെന്ന നിലയ്ക്ക്, ഈ തെറ്റിദ്ധാരണ ഉണ്ടാകുന്നതുവരെ, ബാലിയും സുഗ്രീവനും പരസ്പരം വളരെ സ്നേഹമായിരുന്നു.''

സഹോദരീസഹോദരന്മാരേ, ഇവിടെ ഞാനൊരു കാര്യം സൂചിപ്പിച്ചുകൊള്ളട്ടെ, ഭഗവാൻ ശ്രീ സത്യസായിബാബ ഒരു കഥാപാത്രത്തെപ്പോലും വിലകുറച്ച് കാണുകയില്ല. ഓരോ സ്ഥാനത്തിനും, ഓരോ കഥാപാത്രത്തിനും പുറകിലുള്ള എന്തെങ്കിലുമൊരു സന്ദേശം അരുളിക്കൊണ്ട് അവിടുന്നവരെ ഉത്കൃഷ്ടരാക്കും.

## ധ്രുവന്റെ തപസ്സ്

അപ്പോൾ ഞാൻ സംസാരിക്കാൻ തുടങ്ങി, ''എത്ര നല്ല കഥയാണിത്, സ്വാമീ. ഞാൻ ഇതിനുമുമ്പ് ഇത് കേട്ടിട്ടില്ല. വളരെ നന്ദിയുണ്ട്. പക്ഷേ…(*ചിരി*)

''ആ, എന്തു പക്ഷേ?''

''സ്വാമീ, തന്റെ സഹോദരനുമായി നല്ല രസത്തിലല്ലാതിരുന്ന ധ്രുവൻ എന്നു പേരുള്ള ഒരു ബാലനെപ്പറ്റി ഞാൻ കേട്ടിരിക്കുന്നു. അവനുമായി യുദ്ധവും ഉണ്ടായിട്ടുണ്ട്. ഇതിഹാസങ്ങൾ പൂർണസാഹോദര്യത്തെക്കുറിച്ച് പറയുന്നതായി അവിടുന്നരുളുന്നു, എല്ലാം കേവലം ആദർശവാദം. ധ്രുവനും അവന്റെ സഹോദരനുമായുള്ള ബന്ധം അവിടുന്ന് എങ്ങനെയാണ് വിശദീകരിക്കുക?''

അപ്പോൾ ബാബ ആ കഥ വിവരിക്കാനാരംഭിച്ചു:

''ധ്രുവൻ ഉത്താനപാദൻ എന്നു പേരായ ഒരു രാജാവിന്റെ മകനായിരുന്നു. ഈ ഉത്താനപാദൻ എന്ന രാജാവിന് രണ്ട് രാജ്ഞിമാരുണ്ടായിരുന്നു. ഒരാൾ സുരുചി; മറ്റേയാൾ സുനീതി. സുരുചിക്ക് ഉത്തമൻ എന്നു പേരുള്ള ഒരു മകനുണ്ടായിരുന്നു. സുനീതിക്കാവട്ടെ ധ്രുവൻ എന്ന പുത്രനും. എന്നാൽ, ഉത്താനപാദരാജന് സുരുചിയോടായിരുന്നു കൂടുതൽ ഇഷ്ടം, സുനീതിയോടായിരുന്നില്ല.''

ഇവിടെ, സുഹൃത്തുക്കളേ, ഞാൻ നിങ്ങളോട് പറയട്ടെ: സുരുചിയും സുനീതിയും ആന്തരികാർത്ഥമുള്ള രണ്ട് പേരുകളാണ്. സുരുചി എന്നാൽ, സമ്മതയായവൾ, സ്നേഹം ജനി

പ്പിക്കുന്നവൾ. സുനീതി എന്നാൽ, ധാർമ്മികതയുള്ളവൾ. പേരുകൾ ഒരു സന്ദേശവും തരുന്നു. ഓരോ പേരിനും ഓരോ വിശദീകരണമുണ്ട്.

ഒരു ദിവസം, രാജാവായ ഉത്താനപാദൻ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, രണ്ടാം ഭാര്യയായ സുരുചിയുടെ പുത്രൻ ഉത്തമൻ വന്ന് അദ്ദേഹത്തിന്റെ മടിയിൽ കയറിയിരുന്നു. ആദ്യഭാര്യയായ സുനീതിയുടെ പുത്രൻ ധ്രുവൻ ഇത് ശ്രദ്ധിച്ചു.''



പിതാവിന്റെ മടിയിൽ തനിക്കും കയറിയിരിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് ധ്രുവൻ അദ്ദേഹത്തിന്റെ സമീപത്തേക്ക് ഓടിച്ചെന്നു. എന്നാൽ, രണ്ടാം ഭാര്യയായ സുരുചിക്ക് ഇത് ഇഷ്ടമായില്ല. പിതാവിന്റെ സമീപത്തുനിന്നും കുട്ടിയെ തള്ളിമാറ്റിക്കൊണ്ട് അവൾ അലറി, ''അച്ഛന്റെ മടിയിൽ കയറിയിരിക്കേണ്ട കാര്യമൊന്നും നിനക്കില്ല. ദൂരെപ്പോ!''

അത്യധികം വിഷണ്ണനായ ധ്രുവൻ തന്റെ അമ്മയോട് പരാതിപ്പെട്ടു, ''മാതാവേ, എന്നെ മറ്റേ സഹോദരൻ ചെയ്തതുപോലെ, അച്ഛന്റെ മടിയിൽ ഇരിക്കാൻ സമ്മതിച്ചില്ല. ഞാനെന്തു ചെയ്യും?''

അമ്മയും കരച്ചിലോടെ പറഞ്ഞു, ''മറ്റ് മാർഗമൊന്നുമില്ല മകനേ. എനിക്ക് നിന്നെ സഹായിക്കാൻ പറ്റില്ല.'' ഇങ്ങനെയാണവൾ പറഞ്ഞത്.

അപ്പോൾ, അച്ഛന്റെ മടിയിൽ ഇരിക്കുന്നതിനുള്ള അവകാശം നേടുന്നതിനായി ഈശ്വരനെ പ്രീതിപ്പെടുത്താനായി തപസ്സു ചെയ്യുന്നതിന് ധ്രുവൻ തീരുമാനിച്ചു. വനത്തിലേക്കുള്ള വഴിയിൽ നാരദമഹർഷിയെ അവൻ കണ്ടുമുട്ടി.

നാരദർ തിരക്കി, ''കുട്ടീ, നീ എവിടെ പോവുന്നു?''

അവൻ പറഞ്ഞു, ''മുനേ, അവിടുത്തേക്ക് എന്റെ എളിയ പ്രണാമം! ഞാൻ കൊടുംകാട്ടിൽ തപസ്സു ചെയ്യുന്നതിനായി പോവുകയാണ്. എന്റെ അച്ഛന്റെ മടിയിൽ ഇരിക്കണമെന്ന

എന്റെ ആശ സഫലമാകുന്നതിനായി ഈശ്വരൻ എന്നിൽ പ്രീതനാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.''

നാരദന് ബാലനോട് കനിവു തോന്നിയിട്ട് ഈശ്വരനാമം ഉരുവിടുന്നതിനായി ഒരു മന്ത്രം ഉപദേശിച്ചുകൊടുത്തു.

അതുപ്രകാരം, ധ്രുവൻ കൊടുംകാട്ടിൽ ചെന്നിട്ട് മന്ത്രം വീണ്ടും വീണ്ടും ആവർത്തിച്ചു. ഈശ്വരൻ അവനുമുമ്പാകെ പ്രത്യക്ഷനായിട്ട് ചോദിച്ചു, ''അല്ലയോ കുമാരാ, നിനക്ക് എന്തുവേണം?''



**Uncontrolled senses can bring problems like what King Uttanapada had to face for having two wives. Because of the differences between the wives, the child Dhruva had to go to the forest to perform penance.**

ഈ ബാലനായ ധ്രുവൻ പറഞ്ഞു, ''എനിക്ക് മോക്ഷം വേണം.'' (*ചിരി*)

അപ്പോൾ ഈശ്വരൻ പറഞ്ഞു, ''വേണ്ട, വേണ്ട, വേണ്ട. നിന്റെ അച്ഛന്റെ മടിയിൽ ഇരിക്കണമെന്ന അവകാശം ലഭിക്കുക എന്ന ഒറ്റ ഉദ്ദേശ്യത്തോടയൊണ് നീ തപസ്സ് ആരംഭിച്ച

ത്. നിന്റെ യഥാർത്ഥ ആഗ്രഹം അതായിരുന്നു. ഇപ്പോൾ നീ മുക്തിക്കായി അപേക്ഷിക്കുന്നു. നിനക്ക് തെറ്റി; നീ അങ്ങനെ ചെയ്യാൻ പാടില്ല. തന്നെയുമല്ല, മോക്ഷത്തിനു മുമ്പായി നിനക്ക് വലിയ ഒരു കാലയളവുണ്ട്. നീ ഒരു ചെറിയ കുട്ടിയാണിപ്പോഴും. വിവാഹം കഴിച്ച്, രാജ്യം ഭരിച്ച്, നീ ശരീരം വിടുമ്പോൾ നിനക്ക് മോക്ഷം കിട്ടും. ആകാശത്ത് നക്ഷത്രം കണക്കെ നിന്റെ കീർത്തി സ്ഥിരമാവും.''

ഇന്നും, മറ്റു നക്ഷത്രങ്ങളേക്കാൾ തെളിമയുള്ള ധ്രുവനക്ഷത്തെപ്പറ്റി ആളുകൾ പരാമർശിക്കുന്നു.''

ഇപ്രകാരമാണ് ഭഗവാൻ ആ ദിവസം അരുളിയത്.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)